**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3630** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഗതാഗത നിയമലംഘനം നിയന്ത്രിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിലെ റോഡുകളിൽ പ്രത്യേകിച്ച് ദേശീയ പാതകളിലും നഗരപ്രദേശങ്ങളിലും അമിത വേഗത്തിലും അനിയന്ത്രിതമായി ശബ്ദം പുറപ്പെടുവിച്ചുകൊണ്ടും ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നതുമൂലം നിരവധി അപകടങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഗതാഗത നിയമലംഘനം നടത്തുന്നത് നിയന്ത്രിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. ഇരുചക്ര വാഹനങ്ങളിലെ അനധികൃതമായ രൂപമാറ്റം കാരണം അപകടങ്ങളും മറ്റ് റോഡ് ഉപയോക്താക്കൾക്ക് ബുദ്ധിമുട്ടും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ ലൈസൻസ് അയോഗ്യത കല്പിക്കുന്നതടക്കമുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നു. ഇരുചക്ര വാഹനങ്ങളുടേതുൾപ്പെടെ അനധികൃത രൂപമാറ്റം, അമിതവേഗത, റെഡ് ലൈറ്റ് മറികടക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക, പ്രായപൂർത്തിയാകാത്തയാൾ വാഹനം ഓടിക്കുക, രണ്ടിൽ കൂടുതൽ ആളുകൾ ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുക, തെറ്റായ ദിശയിലൂടെ ഓവർടേക്ക് ചെയ്യുക തുടങ്ങിയ നിയമലംഘനങ്ങൾക്കെതിരെ 'ഓപ്പറേഷൻ റാഷ്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. 'ഓപ്പറേഷൻ സുരക്ഷാ കവചം' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ഹെൽമറ്റ് ഉപയോഗിക്കാതെ വാഹനമോടിക്കുന്നതിനെതിരായി നടത്തിയിട്ടുണ്ട്. അനധികൃത ഹോൺ ഉപയോഗം തടയുന്നതിനായി 'ഓപ്പറേഷൻ ഡെസിബൽ' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തിയിരുന്നു. സൈലൻസറുകളിൽ രൂപമാറ്റം നടത്തുന്നതിനെതിരെ 'ഓപ്പറേഷൻ സൈലൻസ്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി നിരവധിപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്പെഷ്യൽ ഡ്രൈവുകളിലൂടെയും മറ്റ് റോഡ് സുരക്ഷാ പ്രവർത്തനങ്ങളിലൂടെയും ഇത്തരം നിയമലംഘനങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ